**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 321** **22-02-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയിൽ വീടുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ ഒന്നാം നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതിയിൽ പതിനായിരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സർക്കാരിന്റെ ഒന്നാം നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതി മുഖേന 12,068 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ലൈഫ് പദ്ധതിയിൽ ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചുവെന്ന കണക്ക് ലഭ്യമാണെങ്കിൽ അറിയിക്കാമോ; | (ബി) | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. 2,79,131 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്; | (സി) | 5 ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | രണ്ടാം ഘട്ടം ലൈഫ് പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ; | (ഡി) | ലൈഫ് 2020 പ്രകാരം 9,20,260 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ തയ്യാറായിട്ടുണ്ട്. |
| (ഇ) | ഒന്നാം ഘട്ടം ലൈഫ് പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകൾ നിരാകരിച്ചു; കണക്ക് ലഭ്യമാക്കാമോ? | (ഇ) | 2017-ൽ ലൈഫ് മിഷൻ കുടുംബശ്രീ മുഖേന സർവ്വെയിലൂടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇപ്രകാരം ഭൂരഹിത ഭവന രഹിതരായി 3,44,479 പേരെയും ഭൂമിയുള്ള ഭവന രഹിതരായി 1,70,452 പേരെയും കണ്ടെത്തി. ഇതിൽ 1,37,610 (ഭൂരഹിത ഭവന രഹിതർ), 1,02,542 (ഭൂമിയുള്ള ഭവന രഹിതർ) ഗുണഭോക്താക്കളെ പരിശോധനയ്ക്ക് ശേഷം തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങൾ അർഹരായി കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ